ICDS/B9-12111/2020

വനിത ശിശുവികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര,തിരുവനന്തപുരം
Phone No. 0471 – 2346534

തീയതി : 22/4/2022

E-Mail: directorate.wcd@kerala.gov.in

# പരിപത്രം

**വിഷയം:-** വനിത ശിശുവികസന വകുപ്പ്-ഐ സി ഡി എസ്-ഫീഡിംഗ് തടസ്സം-Food Safety Laboratory റിപ്പോർട്ട് -സംബന്ധിച്ച്:-

**സൂചന:-** 1. Food Safety Laboratory റിപ്പോർട്ട്.

2. 6/8/2019 ലെ സർക്കുലർ നം. സാനീവ-ബി1/493/2019/സാനീവ.

3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ഫീഡിംഗിന്റെ ഭാഗമായി നൽകിവരുന്ന അമൃതം ന്യൂട്രിമിക്സിന്റെ Food Safety Laboratory ഗുണനിലവാര പരിശോധനയിൽ ചില സാമ്പിളുകളിൽ ന്യൂനത കണ്ടെത്തിയതിനാൽ ഇത്തരം ന്യൂട്രിമിക്സ് വിതരണം നടത്തുന്നതിന് സാധിക്കുകയില്ല. ഇത് വിവിധ സ്ഥലങ്ങളിൽ ഫീഡിംഗ് തടസ്സത്തിന് കാരണമാകുന്നുണ്ട്. ഇത്തരം സാഹചര്യങ്ങൾ നേരിടുന്ന സ്ഥലങ്ങളിൽ 3 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് കേന്ദ്രസർക്കാർ നിഷ്കർഷിക്കുന്ന nutritional norms അനുസരിച്ച് നിലവിലെ നിരക്കിൽ അധികരിക്കാതെയും കുട്ടികൾക്ക് അനുയോജ്യമായതുമായ ഉത്പന്നങ്ങൾ, പഞ്ചായത്ത് അനുമതിയോടെയും സൂചന (2) നിർദ്ദേശം പാലിച്ചുകൊണ്ടും ഫീഡിംഗ് തടസ്സം ഒഴിവാക്കുന്നതിന് ആവശ്യമായ നിർദ്ദേശം ജില്ലാ വനിത ശിശുവികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ തലത്തിൽ സിഡിപിഒ മാർക്ക് നൽകേണ്ടതാണ്. ടി താത്ക്കാലിക ക്രമീകരണം അമൃതം ന്യൂട്രിമിക്സിന്റെ നിലവിലെ ഗുണനിലവാര പ്രശ്നങ്ങൾ പരിഹരിക്കുന്നതുവരെ മാത്രമായിരിക്കും.

ഉദ്പാദന യൂണിറ്റുകളിലെ അപാകതകൾ പരിഹരിച്ച് അമൃതം ന്യൂട്രിമിക്സിന്റെ ഗുണനിലവാരം ഉറപ്പാക്കി ന്യൂട്രിമിക്സ് വിതരണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ ജില്ലാതലത്തിൽ ബന്ധപ്പെട്ടവരുമായി ചേർന്ന് അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

വനിത ശിശുവികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
പകർപ്പ് : സ്റ്റോക്ക് ഫയൽ & സ്പെയർ

sree 1